**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 443** **24-08-2022 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്തൃവില സൂചിക അടിസ്ഥാനമാക്കിയുള്ള സംസ്ഥാനത്തെ വിലക്കയറ്റ തോത് ഇപ്പോൾ എത്രയാണെന്ന് അറിയിക്കാമോ; | (എ) | 2011-12 അടിസ്ഥാനമാക്കിയുള്ള ഉപഭോക്തൃ വില സൂചിക പ്രകാരം 2022 ജനുവരി മാസം മുതൽ 2022 ജൂൺ മാസം വരെയുള്ള കാലയളവിൽ ഉപഭോക്തൃ വില സൂചികയിൽ സംസ്ഥാന ശരാശരി 3.89 % വർദ്ധനവും 2022 മെയ് മാസത്തിൽ നിന്നും ജൂൺ മാസം സംസ്ഥാന ശരാശരിയും 1.12% വർദ്ധനവും ഉണ്ടായിട്ടുണ്ട്.. 2022 ജനുവരി മാസം മുതൽ 2022 ജൂൺ മാസം വരെയുള്ള ഉപഭോക്തൃ വില സൂചിക ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | നഗര ഗ്രാമീണ വ്യത്യാസമില്ലാതെ ജനങ്ങളെ ബാധിക്കുന്ന അനിയന്ത്രിതമായ വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും വില ലഭ്യതയും സംബന്ധിച്ച് സർക്കാരിന് സഹായം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ നയപദ്ധതിയായ Price Monitoring Cell പ്രവർത്തിക്കുന്നു. പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനുമായി 18.05.2022ലെ G O (Rt) 173/2022/F&CSD നമ്പർ ഉത്തരവു പ്രകാരം Centre For Price Research Kerala രൂപീകരിച്ചിട്ടുണ്ട്. സപ്ലൈകോ വിൽപന ശാലകളിലൂടെ 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ പൊതുവിപണി വിലയെക്കാൾ കുറഞ്ഞ വിലയിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും നൽകി വരുന്നുണ്ട്. അവശ്യ വസ്തുക്കളെല്ലാം തന്നെ വിപണി വിലയെക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്കു ലഭ്യമാക്കി വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായ വില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്തി വരുന്നു. സബ്സിഡി നിരക്കിൽ ഉത്സവകാല വിപണികൾ നടത്തുന്നതിനായി ബജറ്റിൽ തുക വകയിരുത്തുകയും |

| | | | |
|---|---|---|---|
| | | | ആയതിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡറേഷൻ ഉത്സവകാലങ്ങളിൽ മൊത്തമായി മിതവിലയ്ക്ക് സാധനങ്ങൾ ശേഖരിച്ച് പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സഹകരണ സംഘങ്ങളിലെ താല്ക്കാലിക വിപണികളിലൂടെ ഉത്സവകാലങ്ങളിൽ നടത്തുന്നു. കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന ത്രിവേണി സ്റ്റോറുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിലൂടെയും വർഷത്തിൽ എല്ലാ ദിവസവും പൊതുവിപണിയെക്കാൾ കുറഞ്ഞ വിലയിൽ നിത്യോപയോഗ സാധനങ്ങൾ വിൽപന നടത്തി വരുന്നു. കൺസ്യൂമർഫെഡ് സ്വന്തമായി ഉൽപാദിപ്പിക്കുന്ന ത്രിവേണി നോട്ടു ബുക്കുകളും ഓഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞ വിലയ്ക്ക് വില്പന നടത്തുന്നതും വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായകരമാണ്. |
| (സി) | ഭക്ഷ്യവിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | പൊതുവിപണിയിലെ വിലക്കയറ്റം തടയുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ പൊതു വിതരണ വകുപ്പിന് സംസ്ഥാന ബഡ്ജറ്റിൽ 2408-01-102-99-Grant to Kerala State Civil Supplies Corporation Limited for Market Intervention Operations – 33 Subsidies എന്ന ശീർഷകത്തിൽ തുക വകയിരുത്തി നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 180 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**6423919 അഗ്രി-സി1/2022-ധന**

**ധനകാര്യ (അഗ്രി-സി)വകുപ്പ്**
തിരുവനന്തപുരം
തീയതി : .15.06.2023

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

സെക്രട്ടറി,
കേരള നിയമസഭ സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.
സർ,

വിഷയം : പതിനഞ്ചാം കേരള നിയമസഭ - ആറാം സമ്മേളനം - നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 443- അന്തിമ മറുപടിയും കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും നല്കുന്നത് - സംബന്ധിച്ച്

സൂചന : 24.08.2022 ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 443

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 24.08.2022 ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി മറുപടി നല്കേണ്ടിയിരുന്ന നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 443 നുള്ള അന്തിമ മറുപടി, മറുപടി വൈകിയതിന്റെ കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ്, ബഹു. ധനകാര്യ വകുപ്പ് മന്ത്രി ഒപ്പിട്ട സ്റ്റേറ്റ്മെന്റ് എന്നിവയുടെ നിർദ്ദിഷ്ട എണ്ണം പകർപ്പുകൾ മേൽ നടപടിക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

ഉള്ളടക്കം:

1. അന്തിമ മറുപടി - 1 പകർപ്പ്
2. ബഹു ധനകാര്യ വകുപ്പ് മന്ത്രി ഒപ്പിട്ട് സ്റ്റേറ്റ്മെന്റ് - 1 പകർപ്പ്

വിശ്വസ്തതയോടെ,

**സഞ്ജയ് എം. കൗൾ**
**ധനകാര്യ സെക്രട്ടറി (വ്യയം)**

പകർപ്പ്

ധനകാര്യ (പി.എസ്.എ) വകുപ്പ്

## CENTRE WISE - MONTHWISE GENERAL INDEX FOR THE YEAR 2022 - 2011-12 =100

| Sl.No | Centre | Linking factor | Jan-22 | Feb-22 | Mar-22 | Apr-22 | May-22 | Jun-22 |
|---|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | 2.11 | 185 | 183 | 182 | 183 | 189 | 190 |
| 2 | Kollam | 2.09 | 183 | 183 | 182 | 186 | 188 | 190 |
| 3 | Punalur | 2.1 | 189 | 188 | 187 | 191 | 195 | 198 |
| 4 | Pathanamthitta | 2.03 | 197 | 197 | 196 | 198 | 200 | 203 |
| 5 | Alappuzha | 2.05 | 192 | 190 | 189 | 192 | 194 | 197 |
| 6 | Kottayam | 2.08 | 190 | 190 | 190 | 191 | 195 | 196 |
| 7 | Mundakkayam | 2.17 | 185 | 185 | 184 | 186 | 190 | 194 |
| 8 | Idukky | 1.97 | 186 | 186 | 184 | 185 | 188 | 189 |
| 9 | Ernakulam | 2.03 | 182 | 182 | 182 | 184 | 187 | 188 |
| 10 | Chalakkuddy | 2 | 193 | 193 | 194 | 195 | 202 | 206 |
| 11 | Thrissur | 1.87 | 195 | 194 | 194 | 195 | 198 | 201 |
| 12 | Palakkad | 2.09 | 176 | 176 | 177 | 180 | 182 | 182 |
| 13 | Malappuram | 2 | 182 | 181 | 182 | 185 | 190 | 193 |
| 14 | Kozhikode | 2.02 | 188 | 188 | 188 | 189 | 193 | 195 |
| 15 | Wayanad | 1.93 | 184 | 184 | 184 | 187 | 190 | 192 |
| 16 | Kannur | 2.02 | 197 | 195 | 193 | 197 | 199 | 201 |
| 17 | Kasargod | 2.05 | 190 | 188 | 187 | 193 | 201 | 203 |